കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത്
# 2016-17
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്യു കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ-എം.പി.എം.4/2484/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തിയ്യതി 30-11-17

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്/ സെക്രട്ടറി മുഖേന

പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*******

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
മലപ്പുറം.

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.(ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)മലപ്പുറം.

3)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (പെർഫോർമൻസ് ഓഡിറ്റ്)മലപ്പുറം.
4)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.എം.പി.എം4/2484/2017

തിയ്യതി: 30-11-2017

# മലപ്പുറം ജില്ലയിലെ *പെരിന്തൽമണ്ണ ബ്ലോക്ക്* പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 6.02.2017 മുതൽ 31.10.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. വി. കെ. ഷാജി, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17-11-2017 മുതൽ 23-11-2017 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.ടി.പി അബ്ദുൽ ജലീൽ | ഓഡിറ്റ് ഓഫീസർ |
| ശ്രീ.മൂസ്സ.ഇ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. വേലായുധൻ.കെ.ജി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ശംസിയ.കെ | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ.

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി. റീന പെട്ടമണ്ണ | 01.04.2016 മുതൽ 31.03.2017 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. മൊയ്തുട്ടി. കെ | 01.04.2016 മുതൽ 02.12.2016 വരെ |

| | |
|---|---|
| ശ്രീ. രമേഷ് ടി.പി | 03.12..2016 മുതൽ 16.12.2016 വരെ |
| ശ്രീ.സുധാകരൻ .ടി | 16.12.2016 മുതൽ 31.03.2017 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മെഡിക്കൽ ഓഫീസർ | ഡോ: മൊയ്തീൻ കോയ | 01.04.2016മുതൽ 16.08.2016 വരെ |
| | ഡോ: CK. ജമീല | 16.08.2016മുതൽ 31.3.2017 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | ശ്രീ.സുൽഫീക്കർ.എൻ | 01.04.2016മുതൽ 31.03.2017 വരെ |
| ശിശു വികസന ഓഫീസർ | ഡോ.കബനി.പി.എസ് | 1.4.2016 മുതൽ 28.02.2017 വരെ |
| ,, | ശ്രീമതി.ഉമ്മുസൽമ.എം. | 1.3.2017 മുതൽ 31.03.2017 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി. മേഴ്സി. എം.ബി | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | ശ്രീ.കെ. രാധാകൃഷ്ണൻ | 01.04.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |

| ഭാഗം II വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
|---|---|---|---|
| 12 | രശീതി പരിശോധന-അപാകതകൾ | 2-1 | |
| ഭാഗം III ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 13 | സമയബന്ധിതമായി പ്രൊജക്ടുകൾ നടപ്പിലാക്കിയില്ല.1.99 കോടി രൂപ ലാപ്സായി | 3-1 | |
| 14 | CDPO—നിർവ്വഹണം നടത്തിയ പ്രൊജക്ടുകളിലെ അപാകതകൾ | 3-2 | |
| 15 | ലക്ഷങ്ങൾ വിലയുള്ള കാർഷിക യന്ത്രങ്ങൾ ഉപയോഗിക്കാതെ തുരുമ്പെടുത്ത് നശിക്കുന്നു, | 3-3 | |
| 16 | കണ്ണ്യാല വി സി ബി നിർമാണം; ഗുണഭോക്തൃ വിഹിതം ഈടാക്കിയില്ല (92/17) | 3-4 | |
| 17 | അഡ്വാൻസുകൾ ക്രമീകരിച്ചില്ല | 3-5 | |
| 18 | പകൽവീട് - അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ ഫർണ്ണീച്ചറുകൾ വാങ്ങി | 3-6 | |
| 19 | ഒരേ കാലയളവിലെ യാത്രാ ബത്ത രണ്ട് തവണ നൽകി. | 3-7 | |
| 20 | കേരളോൽസവം - അധിക ചെലവ് | 3-8 | |
| 21 | നാപ്കിൻ വെൻഡിങ്ങ് മെഷീൻ, ഡിസ്പോയർ മെഷീൻ വിതരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-9 | |
| 22 | ഗ്യാസ് പ്ലാന്റ് സ്ഥാപിക്കാൻ ധന സഹായം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-10 | |
| 23 | ഡെപ്പോസിറ്റ് പ്രവൃത്തി: അധികത്തുക തിരികെ ലഭിച്ചതിന്റെ വിവരം ലഭ്യമല്ല | 3-11 | |
| 24 | ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിന് ലഭ്യമായതിന്റെ രേഖകൾ ലഭ്യമല്ല | 3-12 | |
| 25 | മേൽകുളങ്ങര കരുവാത്തകുന്ന് അംഗനവാടി നിർമാണം; അപാകതകൾ (31/17) | 3-13 | |
| 26 | പെരിന്തൽമണ്ണ അഗ്രോ സർവ്വീസ് സെന്ററിന് കാർഷിക യന്ത്രങ്ങൾ വാങ്ങി നൽകൽ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-14 | |
| 27 | മരുന്നുകൾ മുഴുവൻ ലഭ്യമായില്ല | 3-15 | |
| 28 | IAY ഇനത്തിൽ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ലഭിച്ച വിഹിതം ക്രമീകരിക്കാതെ അവശേഷിക്കുന്നു. | 3-16 | |
| 29 | PMAY-ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല. | 3-17 | |

| | | | |
|---|---|---|---|
| 30 | ബ്ലോക്ക് പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ വസ്തു നികുതി അടവാക്കി. തുക ഈടാക്കേണ്ടതാണ്. | 3-18 | |
| 31 | കൈപറ്റ്, അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല | 3-19 | |
| | ഭാഗം IV പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 32 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 33 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 35 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 36 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 37 | ഓഡിറ്റ് റിക്കവറി | 4-6 | |
| 38 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17ലെ ബജറ്റ് ഭരണസമിതിയുടെ 05-03-2016 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 15.7.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തിയ്യതി |
|---|---|---|

| | | |
|---|---|---|
| 2016-17 | 18.11.2017 | ഓഡിറ്റ് സർട്ടിഫിക്കറ്റ് റിപ്പോർട്ടിനോട് അനുബന്ധമായി ചേർത്തിട്ടുണ്ട് |

വാർഷിക കണക്ക് പരിശോധന—അപാകതകൾ

2016-17 സാമ്പത്തികവർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1-അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്നതിനു മുമ്പുള്ള ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2-ബജറ്റ് ഫംഗ്ഷൻ-ഫംഗ്ഷനറി അടിസ്ഥാനത്തിൽ ക്രമീകരിച്ചിട്ടില്ല.

3-വൌച്ചറുകൾ വൌച്ചർ ലിസ്റ്റ് തയ്യാറാക്കി ഫണ്ടടിസ്ഥാനത്തിൽ സൂക്ഷിച്ചിട്ടില്ല.

4-RP 31 പ്രകാരമുള്ള താഴെപ്പറയുന്ന വരവുകൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| ഇനം | വാർഷിക കണക്ക് പ്രകാരം (RP-31) |
|---|---|
| Centrally sponsored scheme(SGSY) | 20000 |
| Centrally sponsored scheme(IAY) | 62997 |
| Other Govt.Grant | 25000 |
| Literacy scheme Grant | 50361 |
| keralothsavam | 30000 |
| Other Govt.Grant | 11400000 |
| Joint venture project | 15460443 |
| Joint venture project | 9940000 |

5-IAY-ലോൺ തിരിച്ചടവ് ബാലൻസ് -വാർഷിക കണക്ക് ലോൺ രജിസ്റ്റർ എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ലോൺ രജിസ്റ്റർ പ്രകാരം ബാലൻസ് | വാർഷിക കണക്ക് പ്രകാരം ബാലൻസ് |
|---|---|
| 3997489 | 1100154 |

6-ഷെഡ്യൂൾ B9 പ്രകാരം കാണിച്ചിട്ടുള്ള (Sundry Creditors) തുകകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

7-2011ലെ കേരള അക്കൌണ്ടിംഗ് റൂൾസ്-ചട്ടം 57, 58 എന്നിവ പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല.

8.വാർഷിക കണക്കിൽ closing stock -stores ആയി 20584രൂപ കാണിച്ചിട്ടുണ്ട് .എന്നാൽ stock സംബന്ധിച്ച വാർഷിക റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

9.വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള അഡ്വാൻസ് സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

10.2015-16 വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ചതിന്റെ വിവരങ്ങൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 19882157 |
| വരവ് | 114824318 |
| ആകെ | 134706475 |
| ചെലവ് | 110161085 |
| നീക്കിബാക്കി | 24545389.95 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിബാക്കി (RP 40 b പ്രകാരം) | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | - | 38196499 | 38196499 | 28260939 | 9935560 | 0 | 73.99 |
| വികസന ഫണ്ട് (എസ്.സി.പി) | - | 18550662 | 18550662 | 11815536 | 6735126 | 0 | 63.69 |
| വികസനഫണ്ട് (ടി.എസ്.പി) | - | 94128 | 94128 | 0 | 94128 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | - | 5940903 | 5940903 | 2766773 | 3174130 | 0 | 46.57 |

## 1-6 പദ്ധതി അവലോകനം.

എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 81 | 193540712 | 56 | 42843248 | - | 25 | 62.88 |

ബി) പാതി വഴിയിൽ ഉപേക്ഷിച്ച് പാഴ്ചെലവായ പദ്ധതികൾ – ഇല്ല

## 1-7 തനത് വരുമാനം.

ഇല്ല

## 1-8 ക്ഷേമപദ്ധതികൾ.

ഇല്ല

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.11.2017 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. തൊട്ട് മുമ്പുള്ള പ്രവൃത്തി ദിവസം (16.11.2017) വരവൊന്നും ഇല്ലാത്തതിനാൽ നീക്കിയിരിപ്പ് തുക ഉണ്ടായിരുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 12.72017 മുതൽ 19.7.2017 വരെ | 2016-17 | 1.11.2017 | ഇല്ല |
| 2 | അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 30.12.2013 മുതൽ 4.1.2014 വരെ | 2012-13 | 5.2.2014 | ഇല്ല |

## 1-11 അനുബന്ധ പത്രികകൾ

ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രശീതി പരിശോധന-അപാകതകൾ

6.02.2017 മുതൽ 31.10.2017 വരെയുള്ള day book, സാധ്യ രശീതികൾ-ക്യാൻസൽ ചെയ്ത രശീതികൾ, സാംഖ്യ രശീതി, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ക്യാൻസൽ ചെയ്ത രശീതികളുടെ റിപ്പോർട്ട് ഹാജരാക്കി എങ്കിലും ക്യാൻസൽ ചെയ്ത രശീതികൾ ലഭ്യമാക്കാത്തതിനാൽ ഇവയുടെ സാധുത പരിശോധിക്കാനായിട്ടില്ല.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സമയ ബന്ധിതമായി പ്രൊജക്ടുകൾ നടപ്പിലാക്കിയില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ 1.99 കോടി രൂപ ലാപ്സായി

ബ്ലോക്ക് പഞ്ചായത്തിന് പ്ലാൻഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നീ ഇനങ്ങളിൽ ആകെ ലഭിച്ച 6.27 കോടി രൂപയിൽ 1.99 കോടി രൂപ, സമയബന്ധിതമായി പ്രൊജക്ടുകൾ നടപ്പാക്കാത്തതിനാൽ ലാപ്സാവുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റ് വികസന ആവശ്യങ്ങൾക്കും വേണ്ടി ഉപയോഗപ്പെടുത്താമായിരുന്ന തുകയാണ് പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമത ഇല്ലായ്മയും വേഗക്കുറവും കാരണം നഷ്ടപ്പെടാനിടയായത്.

ഓഡിറ്റ് കാലയളവിൽ ബ്ലോക്ക് പഞ്ചായത്തിന് പ്ലാൻഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നീ ഇനങ്ങളിൽ 6.27 കോടി രൂപ വരവുണ്ടായിരുന്നു. എന്നാൽ ഇതിൽ 4.28 കോടി രൂപയുടെ പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയത്. ലഭ്യമായ വിഹിതത്തിൽ 68.24% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ക്ഷീര വികസന മേഖലയിൽ പ്രൊജക്ടുകളൊന്നും ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയിട്ടില്ല.

ഗ്രാമസഭകളും, വർക്കിങ് ഗ്രൂപ്പുകളും, വികസന സെമിനാറുമൊക്കെ ഫലപ്രദമായി ഉപയോഗപ്പെടുത്തി ലഭ്യമായ ഫണ്ടുകൾ മുഴവൻ വികസന പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമസഭകളിൽ നിന്ന് ഉയർന്ന് വരുന്നതാണ് ഓരോ പദ്ധതികളും എന്നതിനാൽ രൂപീകരിച്ച പദ്ധതികൾ നടപ്പിലാക്കാതിരിക്കുന്നത് ജനങ്ങൾക്ക് നൽകിയ വാഗ്ദാനം ലംഘിക്കുന്നതിന് തുല്യമാണ്. ഇത് ജനങ്ങളെ ഗ്രാമസഭകളിൽ നിന്നും, ബ്ലോക്ക് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നതിൽ നിന്ന് പിന്നോട്ട് നിൽക്കുന്നതിനും കാരണമാകുന്നതാണ്.

സർക്കാർ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കുമനുസരിച്ച് പ്രൊജക്ടുകൾ രൂപീകരിച്ച് ഭരണ സമിതിയും ജീവനക്കാരും ഒത്തൊരുമിച്ച് പ്രവർത്തിച്ച് പദ്ധതി പണം മുഴവൻ ചെലവഴിക്കാൻ ഊർജ്ജിത ശ്രമം നടത്തേണ്ടതും വരും വർഷങ്ങളിൽ ഇത്തരത്തിൽ പണം ലാപ്സാവുന്നത് ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | വരവ് | ചെലവ് തുക | ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 38196499 | 28260939 | 9935560 |
| വികസന ഫണ്ട് (എസ്.സി.പി) | 18550662 | 11815536 | 6735126 |
| വികസനഫണ്ട് (ടി.എസ്.പി) | 94128 | 0 | 94128 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 5940903 | 2766773 | 3174130 |
| ആകെ | 62782192 | 42843248 | 19938944 |

## 3-2 CDPO—നിർവ്വഹണം നടത്തിയ പ്രൊജക്ടുകളിലെ അപാകതകൾ

2016-17 വർഷത്തിൽ CDPO നിർവ്വഹണം നടത്തിയ പ്രൊജക്ടുകളിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

| പ്രൊജക്ടിന്റെ വിവരം | ചെലവിന്റെ വിശദവിവരം |
|---|---|
| പ്രൊജക്ട് നം. 60/17-വയോജന സൗഖ്യം<br>1-ബിൽ നം.5/16-17 /18.02.17—291500 (SCP) | കമ്പിളിപ്പുതപ്പ്--530 എണ്ണം--291500<br>സെമിനാറുകൾ, കലാമേളകൾ,റിഫ്രഷ്മെന്റ് ചാർജ്ജ് മുതലായവ--81360 |

| | |
|---|---|
| 2-ബിൽ നം.6/16-17 /17.03.17—77450<br>3-ബിൽ നം.9/16-17 /31.03.17—3910<br>372860 | |
| പ്രൊജക്ട് നം. 59/17- വയോജന ജീവനം<br>1-ബിൽ നം.6/16-17 /18.02.17—151250<br>2-ബിൽ നം.8/16-17 /17.03.17—62600<br>3-ബിൽ നം.10/16-17 /31.03.17—2740<br>216590 | കമ്പിളിപ്പുതപ്പ്--275 എണ്ണം--151250<br>സെമിനാറുകൾ, കലാമേളകൾ, റിഫ്രഷ്മെന്റ് ചാർജ്ജ് മുതലായവ--65340 |

പ്രൊജക്ടുകളുടെ നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1-ജി.ഒ (എം.എസ്) 4/2016 തസ്വഭവ 11.01.16-സബ്സിഡിമാർഗ്ഗരേഖ പ്രകാരം സബ്സിഡി അനുവദിക്കാവുന്ന ഇനങ്ങളിൽ കമ്പിളിപ്പുതപ്പ് ഉൾപ്പെടുന്നില്ല. മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത ഇനം നൽകുന്നതിന് സർക്കാരിൽ നിന്നും മുൻകൂർ അനുമതി ലഭ്യമാക്കുകയും ചെയ്തിട്ടില്ല വ്യക്തികൾക്കും കുടുംബങ്ങൾക്കും ആനുകൂല്യം നൽകാൻ ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകിയിട്ടുള്ള ഇനങ്ങളിലും കമ്പിളിപ്പുതപ്പ് ഉൾപ്പെടുന്നില്ല. മാർഗ്ഗരേഖക്കു വിരുദ്ധമായി ചെലവഴിച്ച 442750 രൂപ നിർവ്വഹണോദ്യോഗസ്ഥയിൽ നിന്നും ഈടാക്കി സർക്കാർ ഹെഡ്ഡിലേക്ക് അടവാക്കേണ്ടതാണ്.

2-ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് എങ്ങനെയാണ് നടത്തിയത് എന്ന് വ്യക്തമല്ല. ഗ്രാമപഞ്ചായത്തുകളിൽ നിന്നും ഗ്രാമസഭ വഴി തെരഞ്ഞെടുത്ത ഗുണഭോക്തൃ ലിസ്റ്റ് പ്രകാരമല്ല പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

3-മേൽപ്പറഞ്ഞ മാർഗ്ഗരേഖ പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്ന പ്രൊജക്ടുകളുടെ കുറഞ്ഞ അടങ്കൽ തുക 5 ലക്ഷമാണ്. പ്രൊജക്ടിന്റെ രൂപീകരണത്തിൽ ഈ നിർദ്ദേശവും പാലിച്ചിട്ടില്ല.

4-ഉൽപ്പാദനപരമല്ലാത്ത കലാമേളകൾ, സെമിനാറുകൾ, ക്യാമ്പുകൾ എന്നിവയ്ക്കായി വികസനഫണ്ട് ചെലവഴിക്കാൻ പാടില്ലായെന്ന് മേൽപ്പറഞ്ഞ സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മാർഗ്ഗനിർദ്ദേശത്തിനു വിരുദ്ധമായി ചെലവ് ചെയ്തു.

5-ക്രമ നമ്പർ 1 പ്രൊജക്ട് പ്രകാരം ചെലവഴിച്ച 291500 രൂപ SCP ഫണ്ട് ആണ്. ഗുണഭോക്താക്കൾ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്നവരാണെന്നു തെളിയിക്കുന്ന രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

മേൽപ്പറഞ്ഞ അപാകതകൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്. 146700 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## **3-3** ലക്ഷങ്ങൾ വിലയുള്ള കാർഷിക യന്ത്രങ്ങൾ ഉപയോഗിക്കാതെ തുരുമ്പെടുത്ത് നശിക്കുന്നു,

2012-13 വർഷത്തിൽ മഹിളാ കിസാൻ ശാക്തീകരണ പരിയോജന (MKSP)–വനിതാ ലേബർ ബാങ്ക് പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 1250000 രൂപ (509976/28.03.13) രൂപ അനുവദിച്ചിരുന്നു. ഇതിനു ശേഷം താഴെപ്പറയുന്ന കാർഷിക യന്ത്രങ്ങൾ ബ്ലോക്ക് പഞ്ചായത്തിന് MKSP മുഖേന ലഭിക്കുകയുണ്ടായി.

| കാർഷിക യന്ത്രം | ലഭിച്ച തീയതി | യന്ത്രത്തിന്റെ വില |
|---|---|---|
| യാഞ്ചി ശക്തി നടീൽ യന്ത്രം-5 എണ്ണം | 21.01.15 | 875000 |
| കളപറി യന്ത്രം-30എണ്ണം | 24.08.15 | 42000 |
| നടീൽ യന്ത്രം ചെറുത്-1എണ്ണം | 09.08.16 | 232000 |
| 21 HP മിനി ട്രാക്ടർ-1എണ്ണം | 19.08.16 | 493500 |
| മെതിയന്ത്രം | 19.08.16 | 225000 |

മേൽപ്പറഞ്ഞ പ്രകാരം ലഭിച്ച യന്ത്രങ്ങൾ കൈകാര്യം ചെയ്യുന്നതിലും സൂക്ഷിക്കുന്നതിലും ഗുരുതരമായ വീഴ്ചകൾ സംഭവിച്ചതായി കാണുന്നു.

1-യന്ത്രങ്ങൾ തുറസ്സായ സ്ഥലത്ത് വെയിലും മഴയുമേറ്റ് നശിക്കുന്ന അവസ്ഥയിലാണെന്ന് നേരിൽ കണ്ട് ബോധ്യപ്പെട്ടു. നാളിതു വരെ ഉപയോഗിക്കാതെ കിടക്കുന്ന ഉപകരണങ്ങളിൽ മിക്കവയും കേടായതായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും അറിയാൻ സാധിച്ചു. മെതിയന്ത്രം പൂർണ്ണമായും പ്രവർത്തന രഹിതമാണെന്ന് കാണുന്നു.

2-സ.ഉ.(സാധാ) 1339/2014/തസ്വഭവ തീ.30.05.2014-പ്രകാരം ബ്ലോക്ക് തലത്തിൽ ലേബർ ബാങ്കുകൾ പ്രവർത്തിക്കുന്നതിന് ഓഫീസ്/ഗാരേജ് സൗകര്യം ഒരുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിന് ഉദ്യോഗസ്ഥല പിന്തുണ ഉറപ്പാക്കുന്നതിനായി സ്വീകരിക്കേണ്ട നടപടി ക്രമങ്ങളും വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. ഓഫീസ് പ്രവർത്തനത്തിനായി കെട്ടിട സൗകര്യം ഒരുക്കിയിട്ടുണ്ടെങ്കിലും പ്രവർത്തനം നിർജ്ജീവമാണ്. യന്ത്രങ്ങൾ സൂക്ഷിക്കുന്നതിന് ഒരു താൽക്കാലിക ഷെഡ് പണിയുന്നതിന് പോലും ശ്രമിച്ചിട്ടില്ല.

3-വനിതകൾക്ക് ഉപയോഗിക്കുന്നതിനാണ് പ്രസ്തുത യന്ത്രങ്ങൾ പ്രദാനം ചെയ്തിട്ടുള്ളത്. എന്നാൽ ഇതിനായി യാതൊരു പരിശീലനവും നൽകിയിട്ടില്ല. പരിശീലനം നിർബന്ധമായും നൽകണമെന്ന് മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

സർക്കാർ മുതൽ മുടക്കിൽ വാങ്ങിയ യന്ത്രങ്ങൾ പരിപാലിക്കുന്നതിൽ തികഞ്ഞ നിസ്സംഗതയും വീഴ്ചയും വരുത്തിയവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്. യന്ത്രങ്ങൾ ഉപയോഗക്ഷമമാക്കി സർക്കാർ നിർദ്ദേശ പ്രകാരം പദ്ധതിക്ക് പ്രയോജനപ്പെടുത്തേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിൽ പതിപ്പിക്കേണ്ടതാണ്. സ്വീകരിച്ച നടപടി വിവരം ഈ റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-4 കണ്ണ്യാല വി സി ബി നിർമാണം; ഗുണഭോക്തൃ വിഹിതം ഈടാക്കിയില്ല (92/17)

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ.

കൺവീനർ : ഇബ്രാഹീം

കരാർ: 8/16-17/14-12-16

അളവ്പുസ്തകം: 10/16-17

ചെലവ്: 490000 രൂപ (ബിൽ നംപർ: 24/16-17/31-3-17)

ഉല്പാദന മേഖലയിൽ പൊതു ജലസേചന ഉപമേഖലയിലുൾപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തിയാണ്. ഇത്തരം പ്രവൃത്തികൾക്ക് 10% ഗുണഭോക്തൃ വിഹിതം ഈടാക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. ആയതിന് വിശദീകരണം നൽകേണ്ടാണെന്നാവശ്യപ്പെട്ട് നൽകിയ 12/22-11-17 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

<u>നൽകിയത്:</u>

മൂല്യനിർണ്ണയം: 490000

(-) നികുതി: 39200

കൺവീനർക്ക്: 450800

<u>നൽകാവുന്നത്:</u>

മൂല്യനിർണ്ണയം: 490000

(-)ഗുണഭോക്തൃ വിഹിതം: 49000

(-) നികുതി: 39200

കൺവീനർക്ക്: 401800

<u>കൺവീനർക്ക് അധികം നൽകിയത്</u>: 49000 രൂപ ( 450800-401800)

ആയതിനാൽ മേൽ പ്രകാരം അധികം നൽകിയ 49,000 രൂപ കൺവീനറിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-5 <u>അഡ്വാൻസുകൾ ക്രമീകരിച്ചില്ല</u>

ചുവടെ കാണിച്ച വൗച്ചറുകൾ പ്രകാരം വിവിധ ആവശ്യങ്ങൾക്കായി 81,000 രൂപ മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ നാളിത് വരെയായിട്ടും പ്രസ്തുത മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല. പ്രസ്തുത തുക 18% പലിശ സഹിതം ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ | തുക | തുക നൽകിയത് | ചെലവിനം |
|---|---|---|---|---|
| 2 | 21601030/2.12.2016 | 50000 | ശ്രീമതി സുജാത. കെ.എം (ജി.ഇ.ഒ) | കേരളോൽസവം നടത്തുന്നത് അഡ്വാൻസ് |
| 3 | 21601121/15.2.2017 | 6000 | ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട് | പഞ്ചായത്ത് ദിനാഘോഷത്തിൽ പങ്കെടുക്കുവാൻ യാത്രാ മുൻകൂർ |
| 4 | 2160111 7/7.2.2017 | 15000 | ശ്രീമതി സുജാത. കെ.എം (ജി.ഇ.ഒ) | ബ്ലോക്ക് പഞ്ചായത്ത് ആസൂത്രണ സമിതി |

| | | | | |
|---|---|---|---|---|
| | | | | അംഗങ്ങൾ, വർക്കിങ് ഗ്രൂപ്പ് അംഗങ്ങൾ എന്നിവർക്കുള്ള പരിശീലന ചെലവ് |
| 5 | 21601186/15.3.2017 | 10000 | ,, | മെമ്പർമാർ, ഉദ്യോഗസ്ഥർ എന്നിവർക്ക് പരിശീലനം |
| | ആകെ | 81000 | | |

## 3-6 പകൽവീട് - അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ ഫർണ്ണിച്ചറുകൾ വാങ്ങി

ബിൽ. 16/29.3.2017 തുക . 262255

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ബ്ലോക്ക് പഞ്ചായത്തിലെ പകൽ വീടുകൾക്ക് ഫർണ്ണീച്ചർ എന്ന പ്രൊജക്ട് പ്രകാരം താഴെക്കോട് പഞ്ചായത്തിലെ കുന്നമ്മൽ SC കോളനിയിലെ പകൽ വീട്ടിലേക്ക് 262255 രൂപയുടെ ഫർണ്ണിച്ചറുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ പകൽ വീട് നാളിത് വരെയായിട്ടും പ്രവർത്തനം ആരംഭിച്ചിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിലെ മൂന്ന് പകൽ വീടുകൾക്ക് വേണ്ടി പ്രസിഡണ്ട് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഫർണ്ണിച്ചറുകൾ വാങ്ങിയിട്ടുള്ളത്. എന്നാൽ സ്ഥിരം കെട്ടിടത്തിലോ താൽക്കാലിക കെട്ടിടത്തിലോ നിലവിൽ പകൽവീടുകൾ പ്രവർത്തിക്കുന്നില്ല. കുന്നമ്മൽ പട്ടികജാതി കോളനിയിൽ പഞ്ചായത്ത് നിർമ്മിച്ച കെട്ടിടത്തിൽ പകൽവീട് പ്രവർത്തിക്കുന്ന മുറക്ക് 2017-18 ൽ സ്പിൽ ഓവർ ആയി പ്രൊജക്ട് നടപ്പാക്കാവുന്നതാണ്, വെള്ളം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തണം എന്നീ കാര്യങ്ങൾ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സ്ഥലങ്ങൾ കുറിപ്പ് രേഖപ്പെടുത്തിയിരുന്നു. (പ്രസിഡണ്ട് നിർദ്ദേശിച്ച മൂന്ന് സ്ഥലങ്ങളും 23.2.2017 തീയ്യതിയിൽ സന്ദർശിച്ച ശേഷമാണ് കുറിപ്പ് തയ്യാറാക്കിയിട്ടുള്ളത്.) കുന്നമ്മൽ പട്ടികജാതി കോളനിയിലെ കെട്ടിടത്തിൽ മേൽ പരാമർശിച്ച സൗകര്യങ്ങൾ ഏർപ്പെടുത്താതെയാണ് ഫർണ്ണീച്ചറുകൾ വാങ്ങിയിട്ടുള്ളത്. ഫർണ്ണീച്ചറുകൾ എല്ലാം പ്രസ്തുത കെട്ടിടത്തിൽ കൂട്ടിയിട്ടിരിക്കുകയാണ്. എന്ന് തുടങ്ങാനാവുമെന്ന് യാതൊരു ധാരണയുമില്ലാതെ, വെള്ളം വെളിച്ചം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളൊന്നുമൊരുക്കാത്ത ഒരു കെട്ടിടത്തിലേക്ക് പകൽ വീടിനെന്ന പേരിൽ ഫർണ്ണിച്ചർ വാങ്ങിയത് പൊതുപണത്തിന്റെ ദുരുപയോഗമായി ഓഡിറ്റ് വിലയിരുത്തുന്നു. പകൽവീട് എത്രയും വേഗത്തിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഫർണ്ണിച്ചറുകൾ ഉപയോഗപ്പെടുത്തേണ്ടതാണ്. 251483രൂപയുടെ ചെലവ് (262255-10772) തടസ്സം ചെയ്യുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ അപാകത പരിഹരിക്കേണ്ടതാണ്.

പ്രൊജക്ട് നിർവ്വഹണത്തിലെ മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

'സിഡ്കൊ' യിൽ നിന്ന് ടെണ്ടർ നടപടികൾ കൂടാതെയാണ് ഫർണ്ണിച്ചറുകൾ വാങ്ങിയിട്ടുള്ളത്. 13.7.2016 ലെ GO(Rt) 34/16 SPD നമ്പർ ഉത്തരവ് പ്രകാരം ടെണ്ടർ നടപടികൾ കൂടാതെയാണ് മേൽ സ്ഥാപനത്തിൽനിന്ന് ഇവ വാങ്ങിയിട്ടുള്ളത്. 28.5.2015 ലെ GO(Rt) 26/15 SPD നമ്പർ ഉത്തരവിന്റെ അനുബന്ധമായി ഉൾപ്പെടുത്തിയ പട്ടിക പ്രകാരമുള്ള വില അനുസരിച്ചാണ് ഫർണ്ണീച്ചറുകൾ 'സിഡ്കൊ' യിൽ നിന്ന് വാങ്ങിക്കേണ്ടത് എന്ന് 13.7.2016ലെ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രൊജക്ട് പ്രകാരം സ്റ്റീൽ ഫുൾ ആം ചെയർ, സ്റ്റീൽ കാബിനെറ്റ് എന്നിവ വാങ്ങിയത് പ്രസ്തുത ഉത്തരവിന്റെ അനുബന്ധമായി ഉൾപ്പെടുത്തിയ പട്ടിക പ്രകാരമുള്ള വിലയിലും അധികരിച്ച വില നൽകിയാണ് വാങ്ങിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | എണ്ണം | നൽകാവുന്ന വില | നൽകിയ തുക | അധികം |
|---|---|---|---|---|
| Steel full Arm chair with plastic rattend with ordinary Wood seat and back frame-seat 45*42 cm back 45*37cm (22G) | 24 | 38802 @1412 + 14.5% നികുതി | 44050 @ 1603 + 14.5% നികുതി | 5248 |
| Steel cabinet with 4 fixed shelves, 198*90*48cm(22G) | 3 | 26762 @7791+ 14.5% നികുതി | 32286 @ 9399 + 14.5% നികുതി | 5524 |
| ആകെ | | | | 10772 |

വിശദീകരണം ആവശ്യപ്പെട്ട് 8/22.11.2017 നമ്പറായി നൽകിയ ഓഡിറ്റ് എൻക്വറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

അധികമായി നൽകിയ തുക നിരാകരിക്കുന്നു. ആയത് ഉത്തരവാദിയിൽ നിന്നും ഈടാക്കി ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-7 ഒരേ കാലയളവിലെ യാത്രാ ബത്ത രണ്ട് തവണ നൽകി.

ബ്ലോക്ക് പഞ്ചായത്ത് വാഹനത്തിന്റെ ഡ്രൈവർ ശ്രീ. മുജീബ് റഹ്മാന്റെ 7/2016 മുതൽ 11/2016 വരെയുള്ള യാത്രാബത്ത ഇനത്തിൽ 8500 രൂപ 21601061/31.12.2016 നമ്പർ വൗച്ചർ പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ 2.2.2017 ലെ 21601111 നമ്പർ വൗച്ചർ പ്രകാരം ഇതേ മാസങ്ങളിലെ യാത്രാബത്ത വീണ്ടും നൽകിയിരിക്കുന്നു. അധികം നൽകിയ 8500 രൂപ ഡ്രൈവറിൽ നിന്നോ, ശമ്പള വിതരണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. 9/22.11.2017 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-8 കേരളോൽസവം - അധിക ചെലവ്

2015-16 വർഷത്തെ കേരളോൽസവം നടത്തിയതിന് ആകെ ചെലവഴിച്ച 116851 രൂപയിൽ അഡ്വാൻസ് 50000 രൂപ കഴിച്ച് ബാക്കി വന്ന 66851 രൂപ 21600039/19.4.2016 (6851), 21600038/6.4.2016 (60000) വൗച്ചറുകൾ പ്രകാരം പിൻവലിച്ച് GEO ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ബ്ലോക്ക് കേരളോൽസവത്തിന് പരമാവധി 100000 രൂപ മാത്രമാണ് ചെലവഴിക്കാവുന്നത്. സർക്കാർ ഉത്തരവിന് വിരുദ്ധമായതിനാൽ അധികമായി ചെലവഴിച്ച 16851 രൂപ ഉത്തരവാദിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-9 നാപ്കിൻ വെൻഡിങ്ങ് മെഷീൻ, ഡിസ്ട്രോയർ മെഷീൻ വിതരണം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

ബിൽ. 17/30.3.2017 തുക – 479528

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ നാപ്കിൻ വെൻഡിങ്ങ് മെഷീൻ, ഡിസ്ട്രോയർ മെഷീൻ വിതരണം (62/17) എന്ന പദ്ധതിയിൽ ഉൾപെടുത്തി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള വിവിധ ഗ്രാമ പഞ്ചായത്തുകളിലെ 14 ഹയർ സെക്കന്ററി സ്കൂളുകളിൽ പദ്ധതി പ്രകാരമുള്ള മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. 'റെയ്ഡ്കൊ' യിൽ നിന്നാണ് ടെണ്ടർ നടപടികളിലൂടെ ഇവ വാങ്ങിയിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂൾ എന്നിവ ജില്ലാ പഞ്ചായത്ത് നിയന്ത്രണത്തിൽ ഉള്ളവയാണ്. 2015-16 വർഷത്തിൽ മലപ്പുറം ജില്ലാ പഞ്ചായത്ത് ജില്ലയിലെ 117 ഹയർ സെക്കന്ററി സ്കൂളുകളിൽ നാപ്കിൻ വെൻഡിങ്ങ് മെഷീൻ അനുബന്ധ ഉപകരണങ്ങൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്.

2. ബ്ലോക്ക് പഞ്ചായത്ത് ഇത്തരം ഉപകരണങ്ങൾ വിതരണം ചെയ്ത സ്കൂളുകളിൽ ജില്ലാ പഞ്ചായത്ത് ആയത് വിതരണം ചെയ്തിട്ടുണ്ടോ, ഇനിയും ഇവ ആവശ്യമുണ്ടോ എന്നത് സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്ത് വിവര ശേഖരണം നടത്തിയതായി കാണുന്നില്ല. ആനമങ്ങാട് ഹയർസെക്കന്ററി സ്കൂളിൽ ജില്ലാ പഞ്ചായത്ത് നൽകിയ നാപ്കിൻ വെൻഡിങ്ങ് മെഷീൻ സ്ഥാപിച്ചിട്ടില്ലെന്നും, സ്റ്റാഫ് റൂമിൽ സൂക്ഷിച്ചിരിക്കുകയാണെന്നും ജില്ലാ പഞ്ചായത്ത് 2015-16 ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 3(2) ആയി പരാമർശിച്ചിട്ടുണ്ട്. പ്രസ്തുത സ്കൂളിനും ബ്ലോക്ക് പഞ്ചായത്ത് വെൻഡിങ്ങ് മെഷീൻ അനുബന്ധ ഉപകരണങ്ങൾ എന്നിവ നൽകിയിട്ടുണ്ട്.

3. മാലിന്യ നിർമ്മാർജ്ജനം ബ്ലോക്ക് പഞ്ചായത്ത് ചുമതലയിൽ വരുന്നതല്ല. പൊതുജനാരോഗ്യവും ശുചീകരണവും എന്ന മേഖലയിൽ എല്ലാതരം ചികിൽസാ സമ്പ്രദായങ്ങളിലുമുള്ള സാമൂഹ്യാരോഗ്യ കേന്ദ്രങ്ങളും താലൂക്ക് ആശുപത്രികളും നടത്തുക എന്നത് മാത്രമാണ് ബ്ലോക്ക് പഞ്ചായത്ത് ചുമതലയിൽ വരുന്നത്.

വിശദീകരണം ആവശ്യപ്പെട്ട് 15/22.11.2017 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ പെടാത്ത ഇനങ്ങൾക്കായി ചെലവ് ചെയ്തത് ക്രമ പ്രകാരമല്ല. 4,79,528 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 3-10 ഗ്യാസ് പ്ലാന്റ് സ്ഥാപിക്കാൻ ധന സഹായം - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

ബിൽ. 20/30.3.2017 തുക . 356250

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ ബയോ ഗ്യാസ് പ്ലാന്റ് സ്ഥാപിക്കാൻ ധനസഹായം (55/17) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള വിവിധ ഗ്രാമ പഞ്ചായത്തുകളിലെ 22 LP/UP സ്കൂളുകളിലായി പോർട്ടബ്ൾ ബയോ ഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇല്ലൊവേറ്റീവ് ഫൈബർ പ്രൊഡക്ട്സ്, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്ന് ടെണ്ടർ നടപടികളിലൂടെയാണ് ഇവ വാങ്ങിയിട്ടുള്ളത്. പദ്ധതി നിർവ്വഹണത്തിലെ ചുവടെ കാണിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1. LP/UP സ്കൂളുകൾ ബ്ലോക്ക് പഞ്ചായത്ത് നിയന്ത്രണത്തിലുള്ളവയല്ല ആയത് ഗ്രാമ പഞ്ചായത്ത് നിയന്ത്രണത്തിലുള്ളതാണ്. മാത്രമല്ല മാലിന്യ നിർമ്മാർജ്ജനം ബ്ലോക്ക് പഞ്ചായത്ത് ചുമതലയിൽ വരുന്നതുമല്ല.

2. പദ്ധതിക്കായി പ്ലാൻ ഫണ്ടിൽ നിന്ന് 721000 രൂപ വകയിരുത്തിയതിന് പുറമെ 721000 രൂപ കേന്ദ്രാനിഷ്കൃത പരിപാടി ഇനത്തിലും വകയിരുത്തിയിട്ടുണ്ട്. എന്നാൽ സെൻട്രൽ ഷെയർ ലഭ്യമായതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3. ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് പത്ര പരസ്യം മുഖേനയാണ് സ്കൂളുകളിൽ നിന്ന് അപേക്ഷ ക്ഷണിച്ചിട്ടുള്ളത്. ഇത് പദ്ധതി മാർഗ്ഗ രേഖക്കും, സർക്കാർ ഉത്തരവുകൾക്കും വിരുദ്ധമായ നടപടിയാണ്.

4. ബയോ ഗ്യാസ് പ്ലാന്റ് 5Kg കപ്പാസിറ്റിയുള്ള 13 എണ്ണവും, 10Kg കപ്പാസിറ്റിയുള്ള 9 എണ്ണവും ആണ് വിതരണം ചെയ്തിട്ടുള്ളത്. എന്നാൽ സ്കൂളുകളിൽ നിന്ന് ലഭ്യമാക്കിയ സാക്ഷ്യപത്രത്തിൽ ഏത് ഇനമാണ് സ്ഥാപിച്ചത് എന്ന് വ്യക്തമാക്കിയിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് 14/22.11.2017 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ പെടാത്ത ഇനങ്ങൾക്കായി ചെലവ് ചെയ്തത് ക്രമ പ്രകാരമല്ല. 356250രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തേണ്ടതാണ്. വീഴ്ച വരുത്തിയാൽ തടസ്സപ്പെടുത്തിയ തുക നിരാകരിച്ച് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-11 ഡെപ്പോസിറ്റ് പ്രവൃത്തി: അധികത്തുക തിരികെ ലഭിച്ചതിന്റെ വിവരം ലഭ്യമല്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ.

താഴെപറയുന്ന പ്രവൃത്തികൾ നടപ്പാക്കുന്നതിനായി KWA യിൽ 1950000 രൂപ നിക്ഷേപിച്ചിട്ടുണ്ട്. 3-8-17 ലെ എ ബി 2/5461/09 നംപർ വിനിയോഗ സാക്ഷ്യപത്രം പ്രകാരം 1380111 രൂപ ചെലവഴിച്ച് 569889 രൂപ ബാക്കിയുണ്ടെന്ന് KWA എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

വിശദാംശം താഴെ കൊടുക്കുന്നു.

| ക്ര നം | പ്രവൃത്തിയുടെ പേര് | തുക | ട്രഷറി ബിൽ നംപർ |
|---|---|---|---|
| 1 | തേജസ് നഗർ വെമൺവാലി കുടിവെള്ള പദ്ധതി | 500000 | 7/16-17 /22-11-16 |
| 2 | പനംകുന്ന് ഊഴൻ തൊടിക കുടിവെള്ള പദ്ധതി | 100000 | 10/16-17 /22-11-16 |
| 3 | അമ്പലപ്പടി ചെറുകുന്ന് പൈപ്പ് ലൈൻ നീട്ടൽ | 100000 | 11/16-17 /22-11-16 |
| 4 | ചെമ്പിക്കുന്ന് കുടിവെള്ള പദ്ധതി | 100000 | 9/16-17 /22-11-16 |
| 5 | അട്ടീരി കുന്നംപുറം പൈപ്പ് ലൈൻ നീട്ടൽ | 500000 | 8/16-17 /22-11-16 |
| 6 | ചോലകുളമ്പ് വടക്കേക്കര കുമ്പൻപാറ കുടിവെള്ള പദ്ധതി | 650000 | 6/16-17 /22-11-16 |
| | ആകെ | 1950000 | |

അവശേഷിക്കുന്ന 569889 രൂപ, പ്രവൃത്തികളുടെ ഫൈനൽ ബിൽ എന്നിവ ലഭ്യമായിട്ടുണ്ടെങ്കിൽ അക്കാര്യം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 10/22-11-17 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 5,69,889 രൂപ കേരള വാട്ടർ അതോറിറ്റിയിൽ നിന്നും പദ്ധതി അക്കൗണ്ടിൽ നിക്ഷേപിച്ച് ഓഡിറ്റിനെ രേഖാമൂലം തര്യപ്പെടുത്തേണ്ടതാണ്.

## 3-12 ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ഗ്രാമപഞ്ചായത്തിന് ലഭ്യമായതിന്റെ രേഖകൾ ലഭ്യമല്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

GO(MS) No 318/2013/LSGD/28-09-2013 പ്രകാരം തസ്വഭവ. സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ഇത്തരം പ്രവൃത്തികളുടെ online transaction വഴിയുള്ള ടെണ്ടർ ഫോറം വില സ്വീകരിക്കുന്നതിനായി zero balance account തുടങ്ങുന്നതിനും ഉത്തരവായിട്ടുള്ളതാണ്.മേലുത്തരവ് പ്രകാരം ഗ്രാമ/ബ്ളോക്ക് പഞ്ചായത്തുകൾ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്യേണ്ടത്. ആയത് പ്രകാരം , പെരിന്തൽമണ്ണ ബ്ളോക്ക് പഞ്ചായത്ത്, ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തത് എത്ര രൂപയാണെന്നും അതിൽ എത്ര രൂപ ലഭ്യമായിട്ടുണ്ട് എന്ന വിവരവും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 13/22-11-17 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 3-13 മേൽകുളങ്ങര കരുവാത്തകുന്ന് അംഗനവാടി നിർമാണം; അപാകതകൾ (31/17)

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ.

കരാറുകാരൻ : സുനിൽകുമാർ

കരാർ: 237/15-16/4-3-16 (E/R)

അളവ്പുസ്തകം: 41/14-15/21-4-14

ചെലവ്: 500000 രൂപ (ബിൽ നംപർ: 3/16-17/25-10-16)

അപാകതകൾ

1) അംഗനവാടിക്ക് ഭമി വിട്ട് നൽകിയ പ്രക്രിയ പൂർണ്ണമല്ല.

അംഗനവാടി നിർമാണത്തിനായി മൂന്ന് സെന്റ് ഭൂമി (സർവെ നംപർ: 426/4, വെട്ടത്തൂർ വില്ലേജ്) വിട്ട് നൽകുന്നതിനായി ഉമർ ഫാറൂഖ് എന്ന വ്യക്തി 27-1-16 ന് ഫോറം എ യിൽ അപേക്ഷിക്കുകയും അതേ ദിവസം തന്നെ വില്ലേജ് ഓഫീസർ ഫോറം ബി യിൽ ആയത് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ തുടർ നടപടി വിവരം ഇല്ല. ഈ ഭൂമി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ അക്കാര്യം അറിയിക്കേണ്ടതാണ്.

2) 42.21 m2 വിസ്തീർണ്ണമുള്ള ഒറ്റനിലകെട്ടിടമാണ് നിർമിച്ചിട്ടുള്ളത്.എന്നാൽ ഇനം (3) പ്രകാരം തറ കെട്ടുന്നതിനുള്ള ഫൗണ്ടേഷനിൽ 40 mm മെറ്റൽ ഉപയോഗിച്ച് 1:4:8 ആനുപാതത്തിൽ ബെഡ് കോൺക്രീറ്റ് ചെയ്യുകയും ആയതിന് 15752.21 രൂപ (2.69 m3*5857.70/m3) ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.ഇത്രയും ചെറിയ കെട്ടിടത്തിന് ഫൗണ്ടേഷൻ ബെഡ് കോൺക്രീറ്റ് ചെയ്യാനുണ്ടായ

സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

ഇക്കാര്യമുന്നയിച്ച് നൽകിയ 11/22-11-17 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

15,752 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. വിശദാംശങ്ങൾ ഹാജരാക്കി അപാകത പരിഹരിക്കേണ്ടതാണ്.

## **3-14** പെരിന്തൽമണ്ണ അഗ്രോ സർവ്വീസ് സെന്ററിന് കാർഷിക യന്ത്രങ്ങൾ വാങ്ങി നൽകൽ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

പ്രൊജക്ട് നം.54/17

ബിൽ നം.1/16-17/16.03.17—635007

ഡിഡി.നം.429106/21.04.17—215093 (ഗുണഭോക്തൃ വിഹിതം)

നിർവ്വഹണം--അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ

മേൽപ്പറഞ്ഞ പ്രൊജക്ട് പ്രകാരം അങ്ങാടിപ്പുറം ഗ്രാമ പഞ്ചായത്തിലുള്ള അഗ്രോ സർവ്വീസ് സെന്ററിന് താഴെപ്പറയുന്ന യന്ത്ര സാമഗ്രികൾ 75% സബ്സിഡിയോടെ പെരിന്തൽമണ്ണ റെയ്ഡ്കോ യിൽ നിന്നും വാങ്ങി നൽകിയിട്ടുണ്ട്.

| യന്ത്രോപകരണം | വില |
|---|---|
| റൈസ് സ്ട്രോ ബൈലർ-1 | 428100 |
| റൈസ് ട്രാൻസ്പ്ലാന്റർ-1 | 350000 |
| കാട്ടുവെട്ട് യന്ത്രം-3 | 72000 |
| ആകെ | 850100 |

അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിലെ കൃഷിഭവന കീഴിൽ പ്രവർത്തിക്കുന്ന അഗ്രോ സർവ്വീസ് സെന്ററിനാണ് യന്ത്രങ്ങൾ നൽകിയിട്ടുള്ളത്. പ്രസ്തുത സ്ഥാപനത്തിന് വകുപ്പിൽ നിന്നും, ജില്ലാപഞ്ചായത്തിൽ നിന്നും കാർഷിക യന്ത്രങ്ങൾ വാങ്ങുന്നതിന് സാമ്പത്തിക സഹായം നൽകുന്നുണ്ട്. 23.11.17 ന് സ്ഥാപനത്തിൽ ഓഡിറ്റ് സംഘം സന്ദർശനം നടത്തുകയുണ്ടായി. കാട്ടുവെട്ട യന്ത്രങ്ങൾ ഒഴികെ മറ്റ യന്ത്രങ്ങളൊന്നും ഓഡിറ്റ് തീയതി വരെ ഉപയോഗിച്ചിട്ടില്ല എന്ന് വ്യക്തമായി. റൈസ് ട്രാൻസ്പ്ലാന്റർ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ചത് ഉപയോഗിച്ച വരുന്നു. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഒരു ഗ്രാമ പഞ്ചായത്തിലെ കർഷക ഗ്രൂപ്പിനു യന്ത്രങ്ങൾ നൽകുന്നതിനു മാത്രമായി പ്രൊജക്ട് രൂപീകരിച്ചതും ചെലവു ചെയ്തതും ക്രമപ്രകാരമല്ല. അർഹതയുള്ള മറ്റ ഗ്രൂപ്പുകളെ പരിഗണിച്ചിട്ടില്ല. പ്രസ്തുത യന്ത്രങ്ങൾ കർഷകർക്ക് ഉപയുക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **3-15** മരുന്നുകൾ മുഴുവൻ ലഭ്യമായില്ല

പ്രൊജക്ട് നം.44/17-മേലാറ്റൂർ സി.എച്ച്.സി-യിലേക്ക് മരുന്ന് വാങ്ങൽ

ബിൽ നം.3/16-17/17.02.17—600000

നിർവ്വഹണം-മെഡിക്കൽ ഓഫീസർ (CHC)

മേൽപ്പറഞ്ഞ പ്രൊജക്ട് പ്രകാരം സി.എച്ച്.സി-യിലേക്ക് മരുന്ന വാങ്ങുന്നതിനായി 600000 രൂപ KMSCLന് (തൈക്കാട്, തിരുവനന്തപുരം) കൈമാറിയിട്ടുണ്ട്. ബന്ധപ്പെട്ട സ്റ്റോക്ക് രജിസ്റ്റർ, രേഖകൾ എന്നിവ പരിശോധിച്ചതിൽ ഓഡിറ്റ് തീയതി വരെ 4 ഗഡുക്കളിലായി 4,70,622 രൂപയുടെ മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. 1,29,378 രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 1,29,378 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-16 IAY ഇനത്തിൽ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ലഭിച്ച വിഹിതം ക്രമീകരിക്കാതെ അവശേഷിക്കുന്നു.

ഓഡിറ്റിനു ലഭ്യമാക്കിയ രേഖകൾ പ്രകാരം മുൻ വർഷങ്ങളിൽ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ലഭിച്ച IAY വിഹിതം ക്രമീകരിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചു പോരുന്നതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| ഗ്രാമ പഞ്ചായത്ത് | ക്രമീകരിക്കാൻ അവശേഷിക്കുന്ന തുകയുടെ വിവരം | | |
|---|---|---|---|
| | പട്ടികജാതി | പട്ടികവർഗ്ഗം | ജനറൽ |
| ആലിപ്പറമ്പ് | 400000 | 0 | 384000 |
| അങ്ങാടിപ്പുറം | 140000 | 0 | 20000 |
| ഏലംകുളം | 60000 | 0 | 80000 |
| കീഴാറ്റൂർ | 80000 | 0 | 60000 |
| മേലാറ്റൂർ | 40000 | 0 | 40000 |
| പുലാമന്തോൾ | 20000 | 0 | 294527 |
| താഴേക്കോട് | 404668 | 139500 | 100000 |
| വെട്ടത്തൂർ | 20000 | 0 | 40000 |
| ആകെ | 1164668 | 139500 | 1018527 |

ഓഡിറ്റ് തീയതി വരെ മേൽപ്പറഞ്ഞ പ്രകാരമുള്ള തുകകൾ ക്രമീകരിച്ചിട്ടില്ല. മിക്ക ഗ്രാമപഞ്ചായത്തുകളും എഗ്രിമെന്റ് വച്ച ഗുണഭോക്താക്കൾക്ക് ക്രമപ്രകാരം ആവശ്യമായ തുകയേക്കാൾ കൂടുതൽ തുക അടവാക്കിയതായി കാണുന്നു. IAY പദ്ധതി അവസാനിച്ച സാഹചര്യത്തിൽ തുക മറ്റ് ഭവനനിർമ്മാണ പദ്ധതികളിലേക്ക് ക്രമീകരിക്കുകയോ ഗ്രാമപഞ്ചായത്തുകൾക്ക് തിരികെ നൽകുകയോ ചെയ്യേണ്ടതാണ്.

## 3-17 PMAY-ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല.

2016-17 വർഷത്തിൽ ജനറൽ, എസ്.സി, എസ്.ടി വിഭാഗങ്ങളിലായി 172 ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ചിട്ടുണ്ട്. എന്നാൽ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| വിഭാഗം | എഗ്രിമെന്റ് | നിർമ്മാണം | പൂർത്തീകരിക്കാൻ |
|---|---|---|---|

| | വെച്ചവരുടെ എണ്ണം | പൂർത്തിയാക്കിയവർ | ബാക്കിയുള്ളത് |
|---|---|---|---|
| ജനറൽ | 110 | 54 | 56 |
| പട്ടികജാതി | 62 | 21 | 41 |
| പട്ടികവർഗ്ഗം | 0 | 0 | 0 |

ഭവന നിർമ്മാണം വളരെ മന്ദഗതിയിലാണ് നടക്കുന്നതെന്ന് കാണുന്നു. ഭവന നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നവരിൽ 26 പേർ ആദ്യ ഗഡു മാത്രം കൈപ്പറ്റിയവരാണ്. രണ്ട് ഗഡു മാത്രം കൈപ്പറ്റിയവർ 50 പേരുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള ത്വരിത നടപടികൾ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ഭാഗത്തു നിന്നും, നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും ഈടാക്കേണ്ടതാണ്.

## 3-18 ബ്ലോക്ക് പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ വസ്തു നികുതി അടവാക്കി. തുക ഈടാക്കേണ്ടതാണ്.

ബ്ലോക്ക് പഞ്ചായത്തിന് കൈമാറിക്കിട്ടിയ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്, മേലാറ്റൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവയുടെ വസ്തു നികുതി ഇനത്തിൽ യഥാക്രമം 7876 രൂപ, 4461 രൂപ വീതം ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 207 (h) പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ വസ്തു നികുതി ചുമത്തുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളതാണ്. പ്രസ്തുത തുക തിരികെ ലഭ്യമാക്കേണ്ടതാണ്. കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് വസ്തു നികുതി അടവാക്കിയതിന്റെ രസീതും ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | വൗച്ചർ നമ്പർ | തുക | അടവാക്കിയത് |
|---|---|---|---|
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്, പെരിന്തൽമണ്ണ | 21600781/17.8.2016 | 7876 | പെരിന്തൽമണ്ണ നഗരസഭയിൽ |
| കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, മേലാറ്റൂർ | 21601206/22.3.2017 | 4461 | മേലാറ്റൂർ ഗ്രാമ പഞ്ചായത്തിൽ |
| | ആകെ | 12337 | |

9/22.11.2017 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. 12,337/- രൂപയുടെ ചെലവ് അക്കാലയളവിലെ പഞ്ചായത്ത് കമ്മറ്റി, നിർവ്വഹണോദ്യോഗസ്ഥർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 3-19 കൈപറ്റ്, അനുബന്ധ രേഖകൾ ലഭ്യമാക്കിയില്ല

ചുവടെ കാണിച്ച വൗച്ചറുകൾ പ്രകാരം വിവിധ ചെലവുകൾക്കായി പിൻവലിച്ച തുകകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ അടവാക്കിയതിന്റെ രേഖകൾ, അനുബന്ധ രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. 7/22.11.2017നമ്പർ ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടിട്ടും രേഖകൾ ലഭ്യമാക്കിയിട്ടില്ല. 11,56,536/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയോടൊപ്പം പ്രസ്തുത രേഖകൾ ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ചെലവിനം | വൗച്ചർ/ട്രഷറി ബിൽ | തുക | ലഭ്യമാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | സാമൂഹ്യ സുരക്ഷാമിഷന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ | 12/27.2.2017 | 1000000 | രസീത്, വിനിയോഗ സാക്ഷ്യപത്രം |

| | | | | |
|---|---|---|---|---|
| 2 | വിവിധ കുടിവെള്ള പദ്ധതികളുടെ സർവ്വെ, യീൽഡ് ടെസ്റ്റ് എന്നിവക്ക് വേണ്ടി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട് മെന്റിൽ അടവാക്കിയത് | 6/18.1.207 | 8350 | രസീത്, റിപ്പോർട്ട് |
| 3 | പരസ്യ ചാർജ്. ചന്ദ്രിക ദിനപത്രത്തിന് നൽകിയത് | ,, | 12960 | ബില്ല്, രസീത് |
| 4 | ,, | 11/27.2.2017 | 10800 | ,, |
| 5 | പട്ടികജാതി വികസന ഓഫീസിന്റെ വൈദ്യുതി ചാർജ് അടവാക്കിയത് | 21600911 /22.9.2016 | 3498 | രസീത് |
| 6 | വിവിധ കുടിവെള്ള പദ്ധതികളുടെ സർവ്വെ, യീൽഡ് ടെസ്റ്റ് എന്നിവക്ക് വേണ്ടി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട് മെന്റിൽ അടവാക്കിയത് | 21600939 /14.10.2016 | 15750 | രസീത്, മറ്റ് റിപ്പോർട്ടുകൾ |
| 7 | തച്ചിങ്ങനാടം പ്രീമെട്രിക് ഹോസ്റ്റലിന്റെ വൈദ്യുതി ചാർജ് അടവാക്കിയത് | 21601049 /26.12.2016 | 3333 | രസീത് |
| 8 | ക്ഷീരവികസന ഓഫീസിന്റെ ടെലഫോൺ ബിൽ | 21601048 /26.12.2016 | 2221 | ബില്ല്, രസീത് |
| 9 | ബ്ലോക്ക് ഓഫീസ് വൈദ്യുതി ചാർജ് അടവാക്കിയത് | 21601040 /20.12.2016 | 8542 | ,, |
| 12 | പശ്ചിമഘട്ട വികസന പദ്ധതി അക്കൗണ്ട് ക്ലോസ് ചെയ്ത് ജോയിന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് അടവാക്കിയത് | 21601198/18.3.2017 | 72042 | രസീത് |
| | ആകെ | | 1137496 | |

അപാകതകൾ ഉടൻ പരിഹരിച്ച് തീർപ്പാക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി

നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | മുൻകൂർ നൽകിയതുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോരിറ്റി | തേജസ് നഗർ ലെമൺ വാലി കുടിവെള്ള പദ്ധതി | 7/22.11.2016 | 500000 | | പൂർത്തീകരിച്ച | |
| ,, | പനംകുന്ന് ഉഴൻതൊടിക കുടിവെള്ള പദ്ധതി | 10/22.11.2016 | 100000 | | | |
| ,, | അമ്പലപ്പടി ചെറുകുന്ന് പൈപ്പ് ലൈൻ നീട്ടൽ | 11/22.11..2016 | 100000 | 1380111 | | 569889 |
| ,, | ചെമ്പിക്കുന്ന് കുടിവെള്ള പദ്ധതി | 9/22.11.2016 | 100000 | | | |
| ,, | ആട്ടീരി കുന്നംപുറം പൈപ്പ് ലൈൻനീട്ടൽ | 8/22.11.2016 | 500000 | | | |
| ,, | ചോലക്കുളമ്പ് മടക്കേക്കര കുമ്പൻപാറ കുടിവെള്ള പദ്ധതി | 6/22.11.2016 | 650000 | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-4 വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ | ഉത്തരവ് | വായ്പ | വർഷാരംഭത്തിൽ | തൻവർഷം | വർഷാവസാനം |
|---|---|---|---|---|---|

| ഉദ്ദേശ്യം | നമ്പർ/തിയ്യതി | തുക | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഐ.എ.വൈ. ഗുണഭോക്താക്കൾക്ക് സംസ്ഥാന വിഹിതം നൽകുന്നതിന് വേണ്ടി | പി2-791/13 /പി.എ.യു തീയ്യതി 2.1.2014 | 8277000 | | 1531000 | 3997489 |
| ,, | പി2-791/13 /പി.എ.യു തീയ്യതി 28.4.2014 | 2209000 | | 1469000 | ഇല്ല (അടച്ച് തീർത്തു) |

അടച്ച് തീർക്കാൻ അവശേഷിക്കുന്ന തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ഇക്കാര്യം ഖണ്ഡിക 1-3 ൽ പരാമർശിച്ചിട്ടുണ്ട്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 60-1 | 2000-01 | IV-91 a | വ്യവസായ സംരംഭകർക്ക് അനർഹമായ സാമ്പത്തിക സഹായം 34,405/-രൂപ | പരാമർശം നിലനിൽക്കുന്നു. |
| 1997-98 | 60-2 | 2000-01 | IV-91 b | പട്ടികജാതിക്കാരുടെ വീട് വയറിംഗ് 33,325/- രൂപയുടെ നഷ്ടം | പരാമർശം നിലനിൽക്കുന്നു. |
| 1997-98 | 60-3 | 2000-01 | IV-91 c | കുഴൽ കിണർ കുഴിച്ചതിൽ 69,160/- രൂപയുടെ നഷ്ടം | പരാമർശം നിലനിൽക്കുന്നു. |
| 2000-01 | 2-7 | 2006-07 | 3-71-6 | മുൻകൂർ തുക കൈപ്പറ്റി -പണി പൂർത്തിയായില്ല- പദ്ധതി പണം പാഴായി. | പരാമർശം നിലനിൽക്കുന്നു. |
| 2000-01 | 2-21 | 2006-07 | 3-71-6 | മുൻകൂർ തുക കൈപ്പറ്റി -പണി പൂർത്തിയായില്ല- പദ്ധതി പണം പാഴായി. | പരാമർശം നിലനിൽക്കുന്നു. |
| 2001-02 | 2-11 എ | 2007-08 | 3-1-50 | കരകൗശല നിർമ്മാണ വ്യവസായ സഹകരണ സംഘം പ്രവൃത്തി തുടങ്ങിയില്ല. | പരാമർശം നിലനിൽക്കുന്നു. |
| 2001-02 | 2-11 ബി | 2007-08 | 3-1-51 | ഇലക്ട്രോണിക് ചോക്ക് നിർമ്മാണം വനിത | പരാമർശം നിലനിൽക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| | | | | പ്രവൃത്തി തുടങ്ങിയില്ല. | |
| 2004-05 | 2-6 | 2007-08 | 3-61-4 | മരാമത്ത് പ്രവൃത്തികളിൽ നിന്നുള്ള നികുതി തുക ഗുണഭോക്തൃ സമിതി കൺവിനർക്ക് നൽകിയത്. | പരാമർശം നിലനിൽക്കുന്നു. |
| 2005-06 | 3-2 | 2007-08 | 3-60-1 | കുടിവെള്ള പദ്ധതിയുടെ പ്രവൃത്തിക്ക് മുൻകൂർ നൽകിയ 75,020/- രൂപ ബില്ലിൽ നിന്നും കുറവു ചെയ്തിട്ടില്ല. | പരാമർശം നിലനിൽക്കുന്നു. |
| 2005-06 | 3-3 | 2007-08 | 3-1-46 | 20 പ്രവൃത്തികൾക്ക് 1999 മുതൽ 2001-02 വരെ നൽകിയ മുൻകൂർ | പരാമർശം നിലനിൽക്കുന്നു. |
| 2005-06 | 3-4 | 2007-08 | 3-1-47 | 2 കുടിവെള്ള പദ്ധതികൾക്ക് മുൻകൂർ നൽകി. റവന്യൂ റിക്കവറി നടപടി വിവരം ലഭ്യമല്ല. | പരാമർശം നിലനിൽക്കുന്നു. |

## **4-8** ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 134706475 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 110161085 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 621210 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2516587 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 442750 | ഡോ:കബനി. ശിശു വികസന ഓഫീസർ |
| 3-4 | 49000 | ശ്രീ. സുൽഫിക്കർ. എൻ<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ.<br>പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത് |
| 3-5 | 81000 | Rs. 50000 ശ്രീ. രമേഷ്.ടി.പി സെക്രട്ടറി,<br>പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത്<br>Rs. 31000 ശ്രീ.സുധാകരൻ. ടി സെക്രട്ടറി പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത് |

| | | |
|---|---|---|
| 3-6 | 10772 | ശ്രീ.സുധാകരൻ. ടി സെക്രട്ടറി പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത് |
| 3-7 | 8500 | ,, |
| 3-8 | 16851 | ശ്രീ. മൊയ്തൂട്ടി.കെ<br>പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത് |
| 3-18 | 12337 | Rs. 7876 ശ്രീ. മൊയ്തൂട്ടി.കെ<br>സെക്രട്ടറി,<br>പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത്<br>Rs. 4461 ശ്രീ.സുധാകരൻ. ടി സെക്രട്ടറി പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത് |
| ആകെ | 621210 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 146700 | ശ്രീമതി ഉമ്മുസൽമ<br>ശിശു വികസന ഓഫീസർ |
| 3-6 | 251483 | ശ്രീ.സുധാകരൻ. ടി സെക്രട്ടറി പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത് |
| 3-9 | 479528 | ,, |
| 3-10 | 356250 | ,, |
| 3-13 | 15752 | ശ്രീ. സുൽഫിക്കർ. എൻ<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ.<br>പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത് |
| 3-15 | 129378 | ഡോ: CK. ജമീല. മെഡിക്കൽ ഓഫീസർ |
| 3-19 | 1137496 | Rs. 1137288 ശ്രീ.സുധാകരൻ. ടി സെക്രട്ടറി പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത്<br>Rs. 19248ശ്രീ. മൊയ്തൂട്ടി. കെ. സെക്രട്ടറി<br>പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത് |
| ആകെ | 2516587 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം : ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ : ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന | സ്ഥിരം |
|---|---|---|

| | | |
|---|---|---|
| | സമയത്തെ) ഔദ്യോഗിക മേൽവിലാസം | മേൽവിലാസം |
| ശ്രീ. സുൽഫിക്കർ. എൻ<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ. പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത് | നാലകത്ത് വീട്,<br>വെസ്റ്റ് കോഡൂർ,<br>കോഡൂർ. പി.ഒ,<br>മലപ്പുറം ജില്ല. 676504 |
| ശ്രീ. മൊയ്തുട്ടി.കെ<br>സെക്രട്ടറി പെരിന്തൻമണ്ണ ബ്ലോക്ക് പഞ്ചായത്ത് | ലഭ്യമല്ല | കല്ലുവളപ്പിൽ വീട്,<br>പൂളക്കുണ്ട്, ഒറ്റപ്പാലം,<br>679101 |
| ശ്രീ.സുധാകരൻ. ടി സെക്രട്ടറി പെരിന്തൻമണ്ണ ബ്ലോക്ക് പഞ്ചായത്ത് | ,, | ബി-13 (ബി-റിഥം),<br>വെങ്കിടേശ്വരം,<br>പുത്തൂർ, പാലക്കാട്.<br>678001 |
| രമേഷ്.ടി.പി സെക്രട്ടറി,<br>പെരിന്തൻമണ്ണ ബ്ലോക്ക് പഞ്ചായത്ത് | ,, | ശ്രീഷീബാസദൻ,<br>Skലൈൻ, പെരിന്തൽമണ്ണ.<br>679322 |
| ഡോ:കബനി. ശിശു വികസന ഓഫീസർ | ,, | പൗർണ്ണമി,<br>ഇരിഞ്ചയം,<br>തിരുവനന്തപുരം, പഴകുറ്റി.<br>695561 |

( ജനപ്രതിനിധികൾക്ക് ബാധ്യതയുണ്ടെങ്കിൽ മേൽ വിലാസം നിർബന്ധമായും ഉൾപ്പെടുത്തണം)

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | LFM12/178/2002 Dt:20/09/2000 | 27 | |
| 1999-00 | LFM4/916/2002 Dt:01/01/2004 | 14 | |
| 2000-01 | LFM16/375/2006 Dt:18/10/2006 | 17 | |
| 2001-02 | LFM16/1531/2006 Dt:03/11/2007 | 31 | |
| 2002-03 | LFM16/900/2007 Dt:12/11/2007 | 17 | |

| | | | |
|---|---|---|---|
| 2003-04 | LFM16/901/2007 Dt:01/12/2007 | 5 | |
| 2004-05 | LFM16/902/2007 Dt:06/12/2007 | 5 | |
| 2005-06 | LFM16/903/2007 Dt:03/12/2007 | 5 | |
| 2006-07 | LFM16/233/2008 Dt:28/06/2008 | 20 | |
| 2007-08 | LFM4/285/2013 Dt:30/03/2013 | 14 | |
| 2008-09 | LFM12/1446/2010 Dt:07/09/2012 | 20 | |
| 2009-10 | LFM4/1816/2011 Dt:06/02/2012 | 12 | |
| 2010-11 | LFM4/364/15 Dt 6-6-15 | 14 | |
| 2011-12<br>2012-13 | LFM4/841/2014 Dt:19/05/2014 | 17 | |
| 2013-14 | LFM4/2449/2014 Dt: 23-4-15 | 9 | |
| 2014-15 | LFM4/2405/2015 Dt: 27-7-16 | 8 | |
| 2015-16 | KSAMPM/4 /543/2017 Dt.17.3.2017 | 10 | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
മലപ്പുറം.

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-എം.പി.എം.4/2484/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

പിൻ- 676 505 ഫോൺ- 0483-2734951

ഇ-മെയിൽ- dompm.ksad@kerala.gov.in

തിയ്യതി 30-11-2017

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4 ാം-വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215- ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രികയുടെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
മലപ്പുറം

**2**

# Audit certificate

No.KSA/MPM4/2484/2017

Kerala State Audit Department

District office, Malappuram

Phone: 0483 -2734951

Email: dompm.ksad@kerala.gov.in

Date: 31-11-2017

Certified that I have audited the Annual Financial Statement of Perinthalmanna block panchayath in Malappuram District of the year ended on 31.3.2017 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Perinthalmanna block panchayath for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Senior Deputy Director
District Audit Office,
Malappuram.